പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4103 16.05.2017-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി സ്റ്റാൻ്റുകളിൽ വൃത്തിയുള്ള ശൗചാലയങ്ങൾ**

ചോദ്യം
ശ്രീ.പി.ഉബൈദുള്ള

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യുടെ രാപകൽ വ്യത്യാസമില്ലാതെയുള്ള ദീർഘദൂര യാത്രക്കിടയിൽ യാത്രക്കാർ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാൻ ബുദ്ധിമുട്ടുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ കൃത്യമായ ഇടവേളകളിൽ യാത്രക്കാർക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സമയം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | കൃത്യമായ ഇടവേളകളിൽ യാത്രക്കാർക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സമയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇടവേള അനുവദിക്കുന്ന സ്ഥലങ്ങളിൽ ശുചിത്വമുള്ള സ്ത്രീ-പുരുഷ ശൗചാലയങ്ങളും സുരക്ഷയും ഉറപ്പു വരുത്തുമോ; | (സി) | കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻ്റുകളിലെ ശൗചാലയങ്ങൾ വൃത്തിയായും ശുചിയായും സൂക്ഷിക്കുന്നതിനും ശൗചാലയങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി മാനേജിംഗ് ഡയറക്ടർക്ക് ഇതു സംബന്ധിച്ച കർശന നിർദ്ദേശങ്ങൾ നൽകുമോ? | (ഡി) | കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻ്റുകളിലെ ശൗചാലയങ്ങൾ ആരോഗ്യപരമായ ചുറ്റുപാടിൽ പരിപാലിക്കാനുള്ള നിർദ്ദേശങ്ങൾ മാനേജിംഗ് ഡയറക്ടർക്ക് നൽകുന്നതാണ്. |

(signature)

**സെക്ഷൻ ഓഫീസർ**